# ക്ലസ്റ്റർ കൂടിയിരുപ്പ് അവസ്ഥാപഠനം -ഒക്ടോബർ 2011
# തൃത്താല ഉപജില്ല

ആമുഖം

അധ്യാപക കൂട്ടായ്മയിലൂടെ ഫലപ്രദമായ അക്കാദമിക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക എന്നതാണ് ക്ലസ്റ്റർ കൂടിയിരുപ്പിന്റെ ലക്ഷ്യം.ഡി.പി.ഇ.പി പ്രോജക്ട് മുതൽ വിവിധ കാലയളവിൽ ഏതാണ്ട് 130 ദിവസത്തോളം പരിശീലനം ലഭിച്ച പ്രൈമറി വിഭാഗം അധ്യാപകർക്ക് ഇനി പുതിയ ആശയങ്ങൾ നൽകുന്നതിനു പകരം സ്വന്തം ക്ലാസ്സിലെ അവസ്ഥയും പ്രശ്നങ്ങളും കുട്ടിയുടെ പഠനപുരോഗതിയും ലക്ഷ്യമിട്ട് എങ്ങനെ പ്രവർത്തനങ്ങൾ നൽകാം എന്ന അന്വേഷണമാണ് ഈ ക്ലസ്റ്റർ ലക്ഷ്യം വെക്കുന്നത്. അതിനനുസരിച്ചുള്ള ആസൂത്രണമാണ് തൃത്താല ബി ആർ സി യിലും നടന്നത്.

<u>സമയബന്ധിതമായ ആസൂത്രണം</u>

| | |
|---|---|
| ഡിസംബർ 20,21 | കോർ.ഡി.ആർ.ജി എല്ലാ ബി ആർ സി ട്രെയിനർ മാരും ഡയറ്റിൽ വെച്ചു നടന്നകോർ ഡി ആർ ജി യിൽ പങ്കെടുത്തു. |
| ഡിസംബർ 25 | ക്ലസ്റ്റർ ഹെഡ് &എസ് ആർ ജി കൺവീനർ മീറ്റിങ്ങ്<br>10 ക്ലസ്റ്റർ ഹെഡുകളിൽ നെല്ലിക്കാട്ടിരി ക്ലസ്റ്റർ ഹെഡ് മാത്രം പങ്കെടുത്തില്ല |
| ഡിസംബർ 26,27 | സ്കൂൾ തലത്തിൽ എസ് ആർ ജി ചേർന്ന് മോഡ്യൂൾ ഫ്രെയിം ചർച്ചചെയ്തു<br>50 % സ്കൂളിൽ മാത്രമാണ് യഥാർത്ഥ ആസൂത്രണം നടന്നത്<br>കരട്ടു പ്ലാൻ പകുതിയിലധികം സ്കൂൾ തയ്യാറാക്കി. |
| ഡിസംബർ 29 | ക്ലസ്റ്റർ കൂടിയിരുപ്പ് എ.ഇ.ഒ ബി.പി.ഒ ,ഡയറ്റ് ഫാക്കൽറ്റി സംയുക്ത സന്ദർശനം |

<u>പങ്കാളിത്തം വിലയിരുത്തൽ</u>

സെപ്റ്റംബർ 24 ന് നടന്ന ക്ലസ്റ്ററുമായി താരതമ്യം ചെയ്യുമ്പോൾ എൽ.പി വിഭാഗത്തിൽ 20% വർദ്ധനവും യു.പി വിഭാഗത്തിൽ 15% വർദ്ധനവും ഉണ്ടായി.

| വിഭാഗം | Sept 24 | Oct- 24 |
|---|---|---|
| LP | 64.00% | 84.00% |
| UP | 59.00% | 74.00% |

<u>പരിശീലനത്തിന്റെ മേന്മകൾ</u>

വികേന്ദ്രീകൃതമായി പരിശീലനം നടന്നു
ക്ലസ്റ്റർ ഹെഡുകൾ ഉയർന്നു പ്രവർത്തിച്ചു
ചില സ്ഥലത്ത് യൂണിറ്റ് കരട് ആസൂത്രണ ചുമതല സ്കൂളുകൾക്ക് വിഭജിച്ചു നൽകി അവിടങ്ങളിൽ നല്ല നിലക്ക് ആസൂത്രണം നടന്നു
ചെറിയ ഗ്രൂപ്പുകളായതിനാൽ ഷെയറിങ്ങ് ഫലപ്രദമായി
ഇതുവരെ ചർച്ചയിൽ പങ്കെടുക്കാൻ വിമുഖരായവർ ഇത്തവണ സജീവമായി ഇടപെട്ടു
ഭൂരിപക്ഷം സെന്ററിലും ഭൗതിക സാഹചര്യങ്ങളും ക്രമീകരണവും ഫലപ്രദമായിരുന്നു
50%അധ്യാപകർ ഇത്തവണ കരട് യൂണിറ്റ് പ്ലാൻ തയ്യാറാക്കിവന്നു.
HB TB എന്നിങ്ങനെ സാമഗ്രികൾ കൂടുതൽ പേരുടെ കയ്യിലും ഉണ്ടായിരുന്നു.
നേരത്തെ പോവുന്നവരെ നിരുൽസാഹപ്പെടുത്താൻ ക്ലസ്റ്റർ എച്ച് എം ഉണ്ടായതിനാൽ ഈ പ്രവണത കുറഞ്ഞുകണ്ടു

<u>പരിശീലനത്തിന്റെ പോരായ്മകൾ</u>

മോഡ്യൂൾ ഫ്രെയിം ചിലത് വിശദീകരണക്ഷമമല്ല
അവലോകനത്തിന് സമയം ഫ്രെയിമിൽ നിർദ്ദേശിച്ചത് 12 മണി വരെയായിരുന്നു. ഇത് അതേ പടി അനുസരിക്കാൻ ശ്രമിച്ചതിനാൽ ആസൂത്രണത്തിന് സമയം കുറഞ്ഞുപോയി.
ചില ക്ലാസ്സിൽ ഏതാനം അധ്യാപകർ ചർച്ചയുടെ ആധിപത്യം കയ്യടക്കിയതിനാൽ ബാക്കിയുള്ളവർക്ക് ഇടപെടാനുള്ള സാധ്യത കുറച്ചു
പട്ടിത്തറ ക്ലസ്റ്ററിൽ ഭൂരിപക്ഷം പേരും ആധികാരികമായി സഹായിക്കാൻ കഴിവുള്ള ഒരാൾ അവതരണ സമയത്ത് ഉണ്ടാവണമെന്നും അക്കാദമിക സംശയങ്ങൾ തീർക്കണമെന്നും ആവശ്യപ്പെട്ടു
ചിലക്ലാസ്സിലെ കോർ ടീം ശക്തമല്ല
മോഡ്യൂളും ഫ്രെയിമും മാറിമാറിക്കൊടുത്ത് എസ്.ആർ.ജി ആശയക്കുഴപ്പത്തിലാക്കി.

ചില തെളിവുകൾ

ചാലിശ്ശേരി ക്ലസ്റ്റർ മൂന്നാം ക്ലാസ്സിൽ ചാലിശ്ശേരി എൽ.പി സ്കൂളിന്റെ ഗണിതകാർഡുകൾ നിരീക്ഷണത്തിനും ചർച്ചക്കും വിധേയമാക്കുന്നു














തയ്യാറാക്കിക്കൊണ്ടുവന്ന കരടുപ്ലാൻ
ആലൂർ ക്ലസ്റ്റർ

തയ്യാറാക്കിയ അവസാനഘട്ട പാഠാസൂത്രണം
ആലൂർ ക്ലസ്റ്റർ

എന്റെ ക്ലാസ്സിലെ പ്രശ്നം പറയണോ എന്ന സംശയത്തോടെ ക്ലസ്റ്ററിൽ വന്നു, മടിച്ച മടിച്ചാണ് ഇരുന്നത്. ക്ലസ്റ്ററിൽ പങ്കെടുത്ത എല്ലാവർക്കും അതുതന്നെയാണ് പ്രശ്നമായി പറയാനുണ്ടായിരുന്നത്. അപ്പോ എനിക്കും പറയാൻധൈര്യം കിട്ടി.മുമ്പ് ആർ.പി മാർ വമ്പൻ അനുഭവങ്ങൾ പറയുമ്പോൾ എന്റെ ഈ ചെറിയ പ്രശ്നം ഞാനെങ്ങനെ പറയുമെന്ന ആശങ്കയിലായിരുന്നു ഞാൻ....

ലീന, എസ്.ബി.എസ് തണ്ണീർക്കോട്

ജനാധിപത്യം അരാജകത്വമല്ല.ആരെങ്കിലും നേതൃത്വപരമായ പങ്കുവഹിച്ചില്ലെങ്കിൽ ഇത്തരം കൂടിയിരുപ്പിൽ എന്താണ് സംഭവിക്കുക.കുറെ നേരം ഇരുന്ന് എന്തെങ്കിലും പറഞ്ഞുപോകും ഇതാണോ ഫലപ്രദമായ ആസൂത്രണം

എം.വി.രാജൻ എച്ച് എം ജിഎൽപി എസ് വട്ടേനാട്

സമ്മിശ്ര പ്രതികരണമാണ് ക്ലസ്റ്ററിൽ ഉണ്ടായത്.പ്രധാനാധ്യാപകർ നേതൃത്വപരമായ പങ്കുവഹിച്ച ക്ലസ്റ്റർ വിജയിക്കുന്നതും ഉണർന്നു പ്രവർത്തിക്കാത്തസ്ഥലങ്ങളിൽ പരാജയപ്പെടുന്നതും കണ്ടു.ട്രെയിനർമാർ വെറും നടത്തിപ്പുകാരായിനിന്നു.പല മോഡ്യൂൾ ഫ്രെയിമും വേണ്ടത്ര വിശദീകരണക്ഷമമല്ല. അനുബന്ധ സാമഗ്രികൾ ഇനിയും തയ്യാറാക്കി നൽകേണ്ടതുണ്ട്.തിരക്കുപിടിച്ച കാലഘട്ടമായതും തയ്യാറാവാനുള്ള സമയക്കുറവും ക്ലസ്റ്റർ ഗുണമേന്മയെ ബാധിച്ചു.

രാമചന്ദ്രൻ അക്കാദമിക് കോ ഓർഡിനേറ്റർ തൃത്താല